# ST.JOHN'S HIGH SCHOOL

## ERAVIPURAM

*School code-41079*

*e-mail id -41079kollam@gmail.com* *Ph no 0474 2727857*

## സ്കൂൾ തല ക്യാമ്പ് -സെന്റ് ജോൺസ് ഹൈസ്കൂൾ, ഇരവിപുരം



2018-19 അധ്യയന വർഷത്തെ ലിറ്റിൽ കൈറ്റ്സ് സ്കൂൾ തല ആദ്യ ക്യാമ്പ് ഓഗസ്റ്റ് നാലാം തീയതി നടത്തി. ഓഡിയോ വീഡിയോ എഡിറ്റിംഗ് സങ്കേതങ്ങളുപയോഗിച്ച അനിമേഷൻ ചിത്രങ്ങൾ എങ്ങനെ കൂടുതൽ മിഴിവാർന്നതു ആക്കാം എന്നതായിരുന്ന ക്യാമ്പിന്റെ പ്രധാന വിഷയം. ക്യാമ്പിനെ നയിച്ചത് പ്രധാനമായും ക്രിസ്തു രാജ് ഹൈസ്കൂളിലെ കെയ്റ്റ് മാസ്റ്റർ ശ്രീമാൻ ജോണി സർ ആയിരുന്നു.സ്കൂളിലെ കെയ്റ്റ് മിസ്ട്രസ് മാരായ ശ്രീമതി നോറീൻ മേരി, ശ്രീമതി മാനസി എസ് സ്റ്റാലിൻ തുടങ്ങിയവർ ക്യാമ്പിനെ അആകര്ഷകമാക്കാൻ സഹായിച്ചു.





രാവിലെ പത്തുമണിക്ക് ക്യാമ്പ് ആരംഭിച്ചു.എല്ലാ അംഗങ്ങളും കൃത്യ സമയത്തു തന്നെ എത്തി ചേർന്നു.ഈശ്വര പ്രാർത്ഥനയോടെ ക്യാമ്പ് തുടങ്ങി.സ്കൂൾ പ്രഥമ അധ്യാപകൻ ശ്രീ. ബേസിൽ നെറ്റാർ അധ്യക്ഷം വഹിച്ച യോഗത്തിൽ മുൻ പ്രഥമാധ്യാപകൻ ശ്രീ ക്ലിഫിഡ് മോറിസ് ക്യാമ്പ് ഉൽഗാടനം നിർവഹിച്ചു. ശ്രീമതി മാനസി സ്വാഗതവും വിദ്യാർത്ഥി പ്രധിനിധി സാന്ദ്ര എസ് നന്ദിയും പറഞ്ഞു. ഈ ക്യാമ്പ് കൊണ്ട് കുട്ടികൾക്ക് ഉണ്ടാകുന്ന നേട്ടങ്ങളെകുറിച്ചാണ് ബേസിൽ സർ സൂചിപ്പിച്ചത്.ഓഡിയോ വീഡിയോ എഡിറ്റിങ്ങിൽ കൂടുതൽ താല്പര്യം ജനിപ്പിക്കാൻ ക്ലിഫ്ഫോർഡ് സർ ശ്രമിച്ചു.

10 30 മുതൽ ജോണി സർ ക്യാമ്പ് മനോഹരമായി നടത്തി തുടങ്ങി. എങ്ങനെ ഒരു അനിമേഷൻ ചിത്രം തയ്യാറാക്കാം എന്ന് പറയുന്നതിന് മുൻപേ ഒരു ചിത്രം കാണിച്ചു കൊടുത്തു കൊണ്ട് സർ കുട്ടികളുടെ ശ്രദ്ധ ആകർഷിച്ചു.ആർക്കും കഴിയുന്ന കാര്യമാണിത് എന്ന് അവരെ മനസ്സിലാക്കി. ഒരു ചലച്ചിത്രം ആദ്യം മനസ്സിൽ രൂപപ്പെടണമെന്നു പറഞ്ഞ സാർ കുട്ടികളെ രണ്ടു പേരടങ്ങുന്ന ഗ്രൂപ്പുകളാക്കി മാറ്റി അവർക്കു അനിമേഷൻ ചിത്രങ്ങളിലെ കഥാപാത്രങ്ങളുടെ പേര് നൽകി.



തുടർന്ന് തങ്ങൾ ഉണ്ടാക്കാൻ പോകുന്ന ചിത്രത്തിന്റെ തിരക്കഥ രൂപീകരിക്കാൻ അവസരം നൽകി. ഇതിനാവശ്യമായ ചിത്രങ്ങൾ വീഡിയോ തുടങ്ങിയവ നെറ്റിൽ നിന്നും ശേഖരിക്കുന്നതെങ്ങനെ എന്ന് കാണിച്ചു കൊടുത്തു. ടു പി ട്യൂബ് ഡെസ്ക്ക് ,ഇങ്ക്സ്കേപ്പ്,ജിമ്പ് തുടങ്ങിയ സങ്കേതങ്ങളുപയോഗിച്ചു അവരുണ്ടാക്കിയ ചിത്രങ്ങളും വീഡിയോയും  ഇതിനായി ഉപയോഗിക്കാം എന്ന് പറഞ്ഞു. ഒഡാസിറ്റി ഉപയോഗിച്ച് സ്വന്തം ശബ്ദം റെക്കോർഡ് ചെയ്യാനും കുട്ടികളെ പരിചയപ്പെടുത്തി.ക്യാമ്പ് ആകർഷകമാക്കാൻ ചില പൊടിക്കൈകളും ജോണി സാർ പ്രയോഗിച്ചു .ചെറിയ കളികൾ ഇതിനടയിൽ നടത്തി.അതിൽ ഒന്നാമതെത്തിയ ക്ലൈന്റുവിന് സമ്മാനവും നൽകി.

ഇടവേള പോലും ആവശ്യം ഇല്ലാതെ കുട്ടികൾ  വളരെ ഉത്സാഹത്തോടെ ക്ലാസ്സിലിരുന്നു. ജോണി സാർ നൽകിയ ഇടവേളയിൽ തങ്ങൾക്കു ആവശ്യമായ ചിത്രങ്ങൾ സാറിന്റെ മൊബൈലിൽ തന്നെ എടുക്കാനും കുട്ടികൾ മറന്നില്ല.ഉച്ചഭക്ഷണത്തിനായി ഒരു മണിക്ക് ബിരിയാണി എത്തി.കുട്ടികൾ സന്തോഷത്തോടെ ബിരിയാണി പാക്കറ്റ് വാങ്ങി ഭക്ഷിച്ചു.സ്കൂളിൽ കായിക പരിശീലനത്തിന് വന്ന കൂട്ടുകാരുമായി അത് പങ്കു വയ്ക്കാനും അവർ മറന്നില്ല.






രണ്ടു മണി മുതൽ കുട്ടികൾക്ക് സ്വന്തമായി വീഡിയോ എഡിറ്റു ചെയ്യാൻ അവസരം നൽകി.ഈ സമയം അവരുടെ സംശയങ്ങൾ തീർക്കാനും അവരെ സഹായിക്കാനും അദ്ധ്യാപകർ തയ്യാറായിരുന്നു. മൂന്നര മുതൽ അവരുടെ സൃഷ്ടികൾ കാണണം വിലയിരുത്താനും കഴിഞ്ഞു.മികച്ചവ കാണാൻ പ്രഥമ അധ്യാപകനും വന്നു.തുടർന്നും ഈത്തരം ക്യാമ്പുകൾ വേണമെന്ന് കുട്ടികൾ ആവശ്യപ്പെട്ടു.നാലുമണിക്ക് ദേശീയഗാനത്തോടെ ക്യാമ്പ് അവസാനിപ്പിച്ചു